മദർ എഡ്വേർഡ് സി.എം.സി.
സുപ്പീരിയർ ജനറൽ




# വാഴ്ത്തപ്പെട്ട ചാവറയച്ചനും സി.എം.സിയും

സ്വജീവിതത്തെ നിഷ്കാമകർമംകൊണ്ടും, കർമത്തെ ജ്ഞാനംകൊണ്ടും, ജ്ഞാനത്തെ ഈശ്വരോപാസന കൊണ്ടും ധന്യമാക്കിത്തീർത്ത ഒരു മഹാത്മാവാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. കാലഘട്ടങ്ങളെ ഉല്ലംഘി ക്കുന്ന ദീർഘവീക്ഷണവും കർമോത്സുകതയും സാമൂ ഹിക പ്രതിബദ്ധതയും പരോപകാരതത്പരതയും ഒത്തി ണങ്ങിയ ഈ ആദ്ധ്യാത്മികാചാര്യൻ മാതൃസഭയിലും മല യാളക്കരയിലും ആവിഷ്കരിച്ചു നടപ്പാക്കിയ നൂതനയത്ന ങ്ങളും അതിന്റെ ദൂരവ്യാപകമായ ഫലങ്ങളും വാക്കുകൾക്ക

തീതമാണ്. അവയിൽ ഏറ്റവും സർവോൽകൃഷ്ടവും ഇരു
ലോകങ്ങൾക്കും ഇന്നും ഫലമരുളുന്നതും നിത്യതയോളം
ഫലമുളവാക്കുന്നതുമായ അതുല്യമായ സംരംഭമായിരുന്നു
രണ്ട് സന്യാസസമൂഹങ്ങളുടെ സ്ഥാപനം. അദ്ദേഹം സമാ
രംഭം കുറിച്ച എല്ലാ സംരംഭങ്ങളുടെയും മകുടമായിരുന്നു
അത്. സഭയിലും സമുദായത്തിലും അവയുടെ രണ്ടിന്റെയും
അടിസ്ഥാനമായ കുടുംബത്തിലും കുടുംബത്തിന്റെ വിള
ക്കായ സ്ത്രീജനങ്ങളുടെയിടയിലും ഉളവാക്കാൻ അദ്ദേഹം
ആഗ്രഹിച്ച ആത്മീയവും ഭൗതികവുമായ പരിവർത്തനം

*ആലുവായിലെ സി.എം.സി. ജനറലേറ്റ്*



## മുൻ സുപ്പീരിയർ ജനറൽമാർ


മദർ മേരി സെലിൻ


മദർ സിൽവിയ


മദർ സ്റ്റെല്ലാ മരിയ


മദർ പ്രീമ


മദർ ബെനകാസിയ


മദർ ഫിദേലിസ്

## സി.എം.സി. ജനറൽ കൗൺസിലർമാർ


സിസ്റ്റർ സാങ്റ്റ
അസി. സുപ്പീരിയർ
ജനറൽ


സിസ്റ്റർ സിബിയ


സിസ്റ്റർ ടെരസിൻ


സിസ്റ്റർ റോസലിന്റ്


സിസ്റ്റർ ചെറുകുസുമം

സ്വജീവിതകാലത്തു മാത്രമല്ല, കാലാകാലത്തോളം തുടരാൻ
ലോകത്തിനും തിരുസഭയ്ക്കുമായി അദ്ദേഹം നൽകിയ
സർവോൽകൃഷ്ടമായ സംഭാവന!

**ചാവറപ്പിതാവിന്റെ സന്യാസദർശനം**

“ഏറിയനാൾ മുമ്പിനാലേ സത്യവേദം നടന്നുവന്ന ഈ
മലയാളത്തിൽ കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാ
കാതെയും ഈ പുണ്യങ്ങളുടെ കേൾവിയല്ലാതെ ഒരു നല്ല
പുണ്യ കണ്ടു പഠിപ്പവും കൂടാതെയും ആൺവർഗക്കാർക്കു
പട്ടസുഖം എന്നതിനാൽ കന്നിസുഖക്കാരാകുന്നു എന്ന
ല്ലാതെ സ്ത്രീവർഗത്തിന് കന്നിത്വം കാത്തിരിപ്പാൻ മനസു
ള്ളവരുണ്ടായാലും ആയതിനു ഒരു പോംവഴിയും നിർവാ
ഹവും കൂടാതെ ഈ ദുഃഖത്തിൽതന്നെ ദീർഘകാലമായി
നടന്നുവരികയിൽ” ചാവറയച്ചന് ദുഃഖശമനം കൈവന്നത്
1866 ഫെബ്രുവരി പതിമൂന്നിന് സ്ത്രീകൾക്കുവേണ്ടിയുള്ള
ഒരു സന്യാസിനീസമൂഹം കൂടി സ്ഥാപിതമായപ്പോഴാണ്.
1831-ൽ പുരുഷന്മാർക്കും 1866-ൽ സ്ത്രീകൾക്കും വേണ്ടി
യുള്ള രണ്ട് ഏതദ്ദേശീയ സന്യാസ സമൂഹങ്ങൾക്കു വിത്തു
പാകിയ ചാവറയച്ചന്റെ ഹൃദയനൊമ്പരം, ആ നൊമ്പരം
അദ്ദേഹത്തിലുളവാക്കിയ സർഗാത്മകമായ ഹൃദയാഭിലാഷം,
അഭിലാഷപൂർത്തീകരണത്തിനായി നടത്തിയ യത്നങ്ങൾ
തുടങ്ങിയവ അദ്ദേഹത്തിന്റെ സ്വന്തം കൈപ്പടയിൽ എഴു
തിയ സി.എം.ഐ, സി.എം.സി. നാളാഗമങ്ങളുടെ പേജുക
ളിൽ വ്യക്തമാണ്. അദ്ദേഹത്തെ അലട്ടിയിരുന്ന ഹൃദയവ്യ
ഥകൾ ഇവയായിരുന്നു. ശുദ്ധ മാർത്തോമ്മാശ്ലീഹാ
യിൽനിന്നും സത്യവിശ്വാസം സ്വീകരിക്കാൻ ഈ മലയാള
നാടിന് ഇടവന്നിട്ടും അതിനുശേഷം പല നൂറ്റാണ്ടുകൾ
കഴിഞ്ഞ് വിശ്വാസം സ്വീകരിച്ച പല നാടുകളിലും ഉള്ളതു
പോലെ ഇവിടെ വിശുദ്ധർ ഉണ്ടായില്ല. അങ്ങനെ സഭ
‘മച്ചി’യായിരിക്കുന്നു. ക്രിസ്ത്യാനികൾ പൂർവനസ്രാണികൾ
ആകുന്നുവെങ്കിലും ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയും
ഇല്ലാതെ ആയിരിക്കുന്നതിന്റെ കാരണമായി അദ്ദേഹം പറ
യുന്നവയിൽ ഒന്ന് ഇവിടെയുള്ളവരുടെ ‘ജ്ഞാനകുരു
ടത്വ’മാണ്. കാരണം, വെളിവു കൂടാതെ പരലോകത്തെയും
അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശ
മില്ലാതാകും.’ മറ്റൊന്ന് പുണ്യത്തിന്റെ വഴിയിൽ നടക്കാൻ
ആഗ്രഹിക്കുന്നവർക്ക് ഒരു നല്ല കണ്ടുപഠനത്തിന് കൊവേ
ന്തകളും കന്യാസ്ത്രീമഠങ്ങളുമില്ല. ബ്രഹ്മചര്യം പാലിച്ച്
നിർമലരും ദരിദ്രരും ദൈവഹിതമനുവർത്തിക്കുന്നവരും
വിശുദ്ധരുമായി സന്യാസജീവിതം നയിക്കാൻ സ്ത്രീപുരു
ഷന്മാർക്ക് അവസരമില്ല. അതിനാൽ ഏറിയ നന്മകൾക്ക്
ഇവിടെ വീഴ്ച വരുന്നു. ചുരുക്കത്തിൽ, മനുഷ്യനിലെ
ആത്മീയവും ഭൗതികവുമായ അന്ധതയെ നീക്കി വിശു
ദ്ധിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ അങ്ങനെ
വിശുദ്ധരുടെ ഒരു കൂട്ടമാക്കി മച്ചിയായ കേരളസഭയെ ധന്യ
യാക്കാൻ, ഏറിയ നന്മകൾ ഇവിടെ ഉളവാക്കാൻ അദ്ദേഹം
കണ്ടെത്തിയ മാർഗമായിരുന്നു സന്യാസഭവനങ്ങളുടെ
സ്ഥാപനം. ഒരു ‘തപസുഭവന’മായി, ‘ദർശനവീടായി’, ‘പട്ടാം
ഗയായി ഉപവി പാലിക്കുന്ന പുണ്യസങ്കേതമായി’ സന്യാ
സഭവനത്തെ അദ്ദേഹം നോക്കിക്കണ്ടു. ഉദാത്തമായ ഈ
സന്യാസദർശനം ഭാരതസഭയ്ക്ക്, ആഗോളസഭയ്ക്ക് ഭാഗ്യ
മായിത്തീർന്നു.

**സി.എം.സി. സ്ഥാപനവും ലക്ഷ്യവും**

സി.എം.സി. സ്ഥാപിതമാകുന്നത് 1866 ഫെബ്രുവരി
പതിമൂന്നിനാണെങ്കിലും കേരള നസ്രാണികളിൽനിന്നുള്ള
ആദ്യസന്യാസിയായി പുരുഷന്മാർക്കുള്ള സന്യാസസ
മൂഹം സ്ഥാപിച്ച ചാവറയച്ചൻ സ്ത്രീകൾക്കായി ഒന്ന്
ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ മുമ്പു തന്നെ നടത്തി
യിരുന്നു. 1859-ൽ ആലങ്ങാട്ടും 1860-ൽ പുത്തൻപള്ളി
യിലും വ്യവസ്ഥാപിതമായ നീക്കങ്ങൾ തന്നെ നടത്തി.
പുത്തൻപള്ളിയിൽ ഏകദേശം 33 പേർക്ക് താമസിക്ക
ത്തക്ക മഠം പണിത് എല്ലാം സജ്ജമാക്കി. അപ്പോഴാണ്
റോക്കോസ് ശീശ്മ കേരളസഭയുടെ മേൽ ആഞ്ഞടിച്ചത്.
നല്ല പുരോഹിതരുടെ അഭാവമാണ് ശീശ്മ പടർന്നുപിടി
ക്കാൻ കാരണമായതെന്ന നിഗമനത്തിൽ അന്നത്തെ വികാരി
അപ്പസ്തോലിക്കാ ബർണർദീനോസ് മെത്രാപ്പോലീത്താ
യുടെ ആജ്ഞപ്രകാരം ആ കെട്ടിടം സെമിനാരിയാക്കി മാറ്റി.
ഇന്നത്തെ മംഗലപ്പുഴ (ആലുവാ) സെമിനാരിയുടെ തുട

## സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർമാർ


സി. വിൻസെന്റ് മേരി
എറണാകുളം


സി. സിസി
ചങ്ങനാശ്ശേരി


സി. നിലൂസ്
തൃശ്ശൂർ


സി. ഫിലോസിറ്റ
പാലാ


സി. ബെന്നോ
കോതമംഗലം


സി. സിബി
തലശ്ശേരി


സി. ജാനറ്റ്
ഇരിങ്ങാലക്കുട


സി. ഫിൻബർ
പാലക്കാട്


സി. സിസി
കാഞ്ഞിരപ്പള്ളി


സി. റോസ് ജോസ്
ഗാസിയാബാദ്

ക്കമായിരുന്നു അത്.

പുരോഹിതരുടെ പരിശീലനത്തിൽ ചാവറയച്ചൻ എന്നും ബദ്ധശ്രദ്ധനായിരുന്നെങ്കിലും ബ്രഹ്മചര്യം പാലിച്ച് കന്യകകളായി ജീവിക്കുവാൻ ആഗ്രഹിച്ചു കാത്തുനിന്നവർക്ക് കന്യാസ്ത്രീമഠം സ്ഥാപിച്ചു നൽകുക എന്ന അഭിലാഷം സഫലമാകാതെ പോയതിൽ അദ്ദേഹം ഹൃദയവ്യഥ അനുഭവിച്ചു. ഈ ദുഃഖത്തിൽ കഴിയവേയാണ് അന്നത്തെ കർമലീത്താ മൂന്നാം സഭയുടെ ഡെലഗേറ്റ് പ്രൊവിൻഷ്യലായ ലെയോപ്പോൾദ് ബെക്കാറൊ എന്ന ഇറ്റാലിയൻ യുവമിഷനറിയുമായി ചാവറയച്ചൻ കണ്ടുമുട്ടുന്നത്. ദൈവപരിപാലന ക്രമീകരിച്ച ആ കണ്ടുമുട്ടലും സൗഹൃദവും കേരളസഭയ്ക്ക് ഭാഗ്യമായി തുണച്ചു. ലെയോപ്പോൾദച്ചന്റെ സഹകരണത്തോടെ സ്ത്രീകൾക്കായുള്ള ആദ്യമഠം ഇരുവരുടെയും കർമഭൂമിയായിരുന്ന കൂനമ്മാവിൽ 1866 ഫെബ്രുവരി പതിമൂന്നിന് സ്ഥാപിതമായി. ലത്തീനും സിറിയനും എന്ന ഭേദം കൂടാതെ ആദ്യമായി ചേർന്ന നാല് അംഗങ്ങളെക്കൊണ്ട് വെറും പതിനെട്ടു രൂപാ ചെലവു ചെയ്തു നിർമിച്ച ഒരു പനമ്പുമഠത്തിൽ വളരെ എളിയരീതിയിൽ ആരംഭിച്ച കൂനമ്മാവിലെ സെന്റ് തെരേസാസ് കർമലമഠം അങ്ങനെ മലയാളനാടിന്റെ എന്നല്ല, കേരളത്തിൽ ഉടലെടുത്തതും ലോകവ്യാപകമായി തീർന്നിട്ടുള്ളതുമായ എല്ലാ സന്യാസിനീസമൂഹങ്ങളുടെയും, ഭവനങ്ങളുടെയും മാതൃഗൃഹമായിത്തീർന്നു.

കന്യാസ്ത്രീമഠം സ്ഥാപിച്ചതിന്റെ പിന്നിലെ ചാവറയച്ചന്റെ പ്രത്യേക ലക്ഷ്യമെന്തായിരുന്നുവെന്ന് അദ്ദേഹത്തിന്റെ അധ്യാത്മികപിതാവും സഹസ്ഥാപകനുമായ ലെയോപ്പോൾദച്ചൻ എഴുതുന്നതിപ്രകാരമാണ്: ‘‘*മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ട് വളരുന്നതിനും ഒരു കന്യാസ്ത്രീമഠം*" സി.എം.സി. നാളാഗമത്തിൽ തത്സംബന്ധമായി ചാവറയച്ചൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: "*അവരുടെ ആത്മകാര്യങ്ങൾ വെടിപ്പായിട്ടു നടക്കുന്നതുമല്ലാതെ പെൺപൈതങ്ങളെ കുസ്തുര മുതലായ കൈവേലകളും പഠിപ്പിക്ക എന്നുള്ള വേലയിൽ ഏർപ്പെടുത്താം.*" ചുരുക്കത്തിൽ, സന്യാസിനികളാകുന്നവരുടെ ജീവിതവിശുദ്ധി, വിശ്വാസപരിശീലനം ,ക്രിസ്തീയ രൂപീകരണം, പുണ്യങ്ങളുടെ അഭ്യസിപ്പിക്കൽ തുടങ്ങിയവ വഴി ആത്മാക്കളുടെ രക്ഷയ്ക്കും വിശുദ്ധിക്കുമായുള്ള പ്രേഷിതശുശ്രൂഷ, ബൗദ്ധികവും തൊഴിൽ പരവുമായ പരിശീലനത്തിലൂടെയുള്ള സമഗ്രവികസനം എന്നിവയാണ് സ്ഥാപകൻ ഉന്നംവച്ചത്. ഈ ലക്ഷ്യങ്ങൾ സാധിതമാക്കാൻ പെൺകുട്ടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുവാനാണ് സ്ഥാപകർ അഭിലഷിച്ചത്. സ്ത്രീകളിലൂടെ കുടുംബത്തെ, സമൂഹത്തെ, സഭയെ നവീകരിക്കുക, സമഗ്രവിമോചനത്തിലേക്കും വിശുദ്ധിയിലേക്കും നയിക്കുക ഈ സ്ഥാപകലക്ഷ്യങ്ങൾ ഈ സന്യാസസമൂഹത്തിലൂടെ വളരെവേഗം തന്നെ സാധിച്ചു തുടങ്ങി എന്ന് ചാവറയച്ചന്റെ പിൻഗാമിയായ പോരൂക്കര ഏലീശാച്ചൻ രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹം എഴുതുന്നത് കന്യാസ്ത്രീകളിൽനിന്നും ലഭിച്ച ഒരു കത്തിന് മറുപടിയായിട്ടാണ്: "എത്രയും പ്രിയപ്പെട്ട കൂടപ്പിറപ്പുകളേ, കൊടുത്തയച്ച കായതം എത്രയും സന്തോഷത്തോടെ വായിച്ചറിഞ്ഞു. വീണ്ടും വീണ്ടും വായിച്ചു. ഉലക്കപിടിക്കയും കലം തേയ്ക്കുകയും ചെയ്യുന്ന കൈ ഇതിൻവണ്ണം എഴുതുവാനും, തന്നെയും തന്റെ സ്രഷ്ടാവിനെയും അറിയാതെയും അക്ഷരംകൂട്ടി ഒരുമിച്ച് വേണ്ടുംവണ്ണം പറയാൻ തിരിയാതെയും ഒരു പ്രകാരം മൃഗമെന്നപോലെ അടുക്കളജീവിത സ്ഥിതിക്കാരായ നിങ്ങളെ ഇത്ര ഏറ്റിക്കപ്പെട്ട ഭാഗ്യാവസ്ഥയിൽ ഉയർത്തി സ്ഥാപിച്ച സർവേശ്വരനെ സ്തുതിക്കയും ചെയ്തു." 19-ാം നൂറ്റാണ്ടിലെ സ്ത്രീകളുടെ അവസ്ഥ എന്തായിരുന്നുവെന്ന് യഥാവിധി അറിയുമ്പോഴാണ് ഈ പരിവർത്തനത്തിന്റെ മൂല്യം ഗ്രഹിക്കാനാവുക.

### സി.എം.സി. ഇന്ന്

ചാവറപ്പിതാവും ലെയോപ്പോൾദച്ചനും കൂടി 1866-ൽ സ്ഥാപിച്ച ഈ സന്യാസിനീസമൂഹം 1887-ലെ ലത്തീൻ-സുറിയാനി റീത്തുകളുടെ വിഭജനത്തെ തുടർന്ന് 1890-ൽ രണ്ട് സന്യാസിനീ സമുഹങ്ങളായി വേർതിരി

## സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർമാർ


സി. മേരി ഡേവിസ്
അങ്കമാലി


സി. ബിൻസി
മാനന്തവാടി


സി. റോസുല
മഞ്ചേരിയൽ


സി. സീലിയ
ഹസാരിബാദ്


സി. ലില്ലി ഗ്രേസ്
വാർദ്ധ


സി. ജൂലിറ്റ
താമരശ്ശേരി


സി. അസംറ്റ
ഭോപ്പാൽ


സി. സിബി
ഇംഫാൽ


സി. ലിസി അഗസ്റ്റിൻ
ബിനാ


സി. ലേതൂസ്
ഇടുക്കി

ക്കപ്പെട്ടു. സി.എം.സി. (സുറിയാനി) സി.റ്റി.സി. (ലത്തീൻ) എന്നീ പേരുകളിൽ അവ ഇന്ന് അറിയപ്പെടുന്നു.

സി.എം.സി. ഇന്ന് തെക്ക് കേരളത്തിലും തമിഴ്നാട്ടിലും മാത്രമല്ല ഭാരതത്തിലെമ്പാടും ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിലും വ്യാപിച്ചിരിക്കുന്നു. വടക്കേ ഇന്ത്യയിൽ നിന്നെന്നപോലെ ആഫ്രിക്കൻ മണ്ണിൽനിന്നും തദ്ദേശീയരായ യുവതികളിൽ ഈ സമൂഹത്തിന്റെ ആത്മചൈതന്യം സ്വായത്തമാക്കി ഇതിൽ അംഗങ്ങളായിരിക്കുന്നു. വടക്കേ ഇന്ത്യയിലെ ഏഴു മിഷൻ പ്രോവിൻസുകളുടെ മൂന്ന് റീജനുകളും ഉൾപ്പെടെ ആകെ 20 പ്രോവിൻസുകളും നാല് മിഷൻ റീജനുകളും നാല് വിദേശമിഷൻ റീജനുകളുമുള്ള സി.എം.സിയിൽ 6200- ഓളം കന്യാസ്ത്രീകളും 650 ഓളം സന്യാസാർഥിനികളും, 590 ഭവനങ്ങളും അതിനടുത്ത വിദ്യാഭ്യാസ-ആതുര ശുശ്രൂഷാ-സാമൂഹ്യസേവന സ്ഥാപനങ്ങളുമുണ്ട്. ഇവ വഴി യായി കുടുംബങ്ങളുടെ പ്രത്യേകിച്ച്, സ്ത്രീകളുടെയും കുട്ടികളുടെയും ഭൗതീകമായ ഉന്നമനത്തോടൊപ്പം സ്ഥാപകർ ലക്ഷ്യംവെച്ച ക്രിസ്തീയ, രൂപീകരണം സാധിക്കാനും പുണ്യത്തിന്റെ പാതയിൽ നടക്കാനും, നടത്താനും അങ്ങനെ ദൈവരാജ വിസ്തൃതിക്കായി യത്നിക്കാനും സാധിക്കുന്നു.

മാത്രമല്ല, പ്രഥമ ഏതദ്ദേശീയ സന്യാസിനീ സമൂഹമെന്ന നിലയിൽ ഈ സുറിയാനിസഭയിൽ ജന്മമെടുത്ത പല സന്യാസിനീ സമൂഹങ്ങൾക്കും അവരുടെ പ്രാരംഭദശയിലും വളർച്ചയുടെ ഘട്ടങ്ങളിലും സന്യാസപരിശീലനവും പ്രബോധനവും നൽകുവാൻ ആരംഭം തുടങ്ങി ഇന്നുവരെ സി.എം.സി. മക്കൾ ബദ്ധരാണ്. കേന്ദ്രഭവനമായ മൗണ്ട് കാർമൽ ജനറലേറ്റിലും, മിഷനറിമാരുടെ പരിശീലനകേന്ദ്രമായ ബാംഗളൂർ ജ്ഞാനോദയയിലും ഈ പ്രേഷിതദൗത്യം ഇന്നും തുടരുന്നു. നാൽപ്പതിലധികം സന്യാസിനീസമൂഹങ്ങൾ ഇതിനോടകം സി.എം.സിയിലൂടെ ചാവറപ്പിതാവിന്റെ ചൈതന്യത്തിന്റെ സ്പർശനം ഏറ്റുവാങ്ങിയിട്ടുണ്ട്.

ജ്ഞാനകുരുടത്വമെന്ന അന്ധകാരത്തെ നീക്കാൻ ,വിദ്യാഭ്യാസത്തിലൂടെ മാനവഹൃദയങ്ങൾക്കു വെളിവ് നൽകാൻ അഭിലഷിച്ച ചാവറപ്പിതാവിന്റെ യുഗദൗത്യത്തിലാണ് സി.എം.സി. മക്കളിലധികവും ഏർപ്പെട്ടിരിക്കുക. കേരളത്തിൽ മാത്രമല്ല, ഭാരതത്തിന്റെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നേഴ്സറി മുതൽ കലാലയംവരെ സുബുദ്ധികൾക്കു മാത്രമല്ല, സമൂഹം അവഗണിക്കുന്ന മന്ദബുദ്ധികൾക്കും ജ്ഞാനപ്രകാശം നൽകാൻ അവർ യത്നിക്കുന്നു. അനാഥർക്കും ദരിദ്രർക്കും, രോഗികൾക്കും മരണാസന്നർക്കും ഉപവിശാലയും നന്മരണസഖ്യവും ആരംഭിച്ച അദ്ദേഹത്തിന്റെ കാല്പാടുകൾ പിൻതുടർന്ന് രോഗീശുശ്രൂഷയിലും അനാഥരുടെ സംരക്ഷണത്തിലും കുടുംബപ്രേഷിതത്വത്തിലും ഇടവകയിലെ ദൈവജനത്തിന്റെ വിശ്വാസ രൂപീകരണത്തിലും സി.എം.സി. മക്കൾ വ്യാപൃതരാണ്. ചാവറപ്പിതാവ് ദീപശിഖ കൊളുത്തിയ, മേൽപ്പറഞ്ഞ ഓരോ രംഗത്തെയും പല നവസന്യാസസമൂഹങ്ങളും തങ്ങളുടെ പ്രത്യേക സിദ്ധിയുടെ ഭാഗമായി സ്വീകരിച്ച് സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്നതിൽ, അങ്ങനെ വീഴ്ചവന്നുപോയ ഏറിയ നന്മകളെ സമൂഹത്തിനു പ്രദാനം ചെയ്യുന്നതിൽ ചാവറയച്ചനോടൊപ്പം സി.എം.സി. മക്കളും ഇന്ന് സന്തോഷിക്കുന്നു, അഭിമാനം കൊള്ളുന്നു.

വിശുദ്ധരാൽ കേരളസഭയെ ധന്യയാക്കാൻ അഭിലഷിക്കുകയും അൾത്താര വണക്കത്തിനായി ആദ്യമായി ഈ സഭയിൽനിന്നും പ്രതിഷ്ഠിതനാവുകയും ചെയ്ത ചാവറയച്ചന്റെ അനുഗാമികളും മക്കളുമായി അനേകായിരങ്ങൾ ഇന്ന് സ്വർഗീയവും ഭൗതികവുമായ സഭാഗാത്രത്തിലുണ്ട്. അവരിൽ പല വിശുദ്ധസൂനങ്ങളും ഇന്നു സഭയിൽ അനുസ്മരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു. ഇക്കൂട്ടത്തിൽ ഒരാളാണ് സി.എം.സി. പുത്രിയായ ധന്യയായ എവുപ്രാസ്യാമ്മ. ചുരുക്കത്തിൽ, വിവിധ സന്യാസസമൂഹങ്ങളിലൂടെയും, ബഹുമുഖമായ അവരുടെ പ്രവർത്തനങ്ങളിലൂടെയും വിശുദ്ധിയാൽ അലംകൃതരായ ധന്യാത്മാക്കളിലൂടെയും ചാവറയച്ചൻ ഇന്നും തന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ആദിമരൂപമായി സി.എം.സിയെ നട്ടുവളർത്തി പരിപാലിച്ച, സുറിയാനിസഭയുടെ അഭിമാനമായ വന്ദ്യപിതാവിന് സി.എം.സി. മക്കളുടെ സ്നേഹാന്വിതമായ പ്രമാണം!

# Congregation of the Mother of Carmel

ആലുവായിൽ ജനറലേറ്റ് ആരംഭിക്കുന്നതിനു മുമ്പ് സി.എം.സി സഭയ്ക്ക് പൊതുവായ ഒരു ജനറലേറ്റ് ഇല്ലായിരുന്നു. കൂനമ്മാവിലെ മഠം മാതൃഭവനമായി നിലകൊണ്ടു.

കേരളത്തിലെ ആറു സീറോ മലബാർ രൂപതാഘടകങ്ങളിലായി ആറു മദർ ജനറൽമാരുടെ കീഴിലായിരുന്നു സമൂഹം. 1963 നവംബർ 16 നാണ് ഒരു സുപ്പീരിയർ ജനറലിന്റെ കീഴിൽ സഭയുടെ ഏകീകരണം സാധ്യമായത്. ഏകീകൃത സി.എം.സിയുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് ഒരു കേന്ദ്രഭവനം ആവശ്യമായി വന്നപ്പോഴാണ് ജനറലേറ്റ് രൂപം കൊണ്ടത്.

ഇപ്പോൾ സി.എം.സിയിൽ കേരളത്തിൽ 13 പ്രോവിൻസുകളും കേരളത്തിനു പുറമേ ഏഴു മിഷൻ പ്രോവിൻസുകളും നാലു മിഷൻ റീജനുകളുമാണുള്ളത്. കൂടാതെ ജനറൽ തലത്തിൽ ആഫ്രിക്ക, അമേരിക്ക, ജർമനി, ഇറ്റലി എന്നിവിടങ്ങളിൽ ഓരോ റീജനുമുണ്ട്.സി.എം.സി സന്യാസിനീ സമൂഹത്തിന് ആകെ 590 ഭവനങ്ങളാണുള്ളത്.

കേരളത്തിൽ - 375 (344 Houses +31 Residences)

ഇന്ത്യ (കേരളത്തിനു പുറമേ ) - 184; വിദേശത്ത് - 31 (Africa -10, America-5, Germany -13, Italy-3).

## Provinces

1. Ernakulam - The Provincial Superior (Sr. Vincent Mary) Carmelite Provincial House, Kovilavattom Road, Ernakulam- Kochi - 682035 Telephone: 0484- 2362545.
2. Changanacherry - The Provincial Superior (Sr. Cisy) Holy Queen's Provincial House, Changanacherry - 686101. Telephone: 0481-2402973.
3. Thrissur - The Provincial Superior (Sr. Nilus) Holy Trinity Convent, Kolazhy P.O, Thrissur-10 Telephone: 0487 - 2201770.
4. Pala - The Provincial superior (Sr. Philocitta) Carmelite Provincial House, Pala P.O, Kottayam-686575. Telephone: 0482 2212226.
5. Kothamangalam - The Provincial Superior (Sr. Benno) Carmelite Provincial House, Kozhippilly, Kothamangalam, Ernakulam - 686691. Telephone: 0485- 2862347.
6. Thalassery - The Provincial Superior (Sr. Sibi) Carmelite Provincial House, Nellickampoil P.O.Ulickal, Kannur- 670705. Telephone: 0498-2290309.
7. Irinjalakuda - The Provincial Superior (Sr. Janet), Udaya Provincial House, Irinjalakkuda, Thrissur - 680125. Telephone: 0488-2825371.
8. Palakkad - The Provincial Superior (Sr. Finbar), Jai Christo Provincial House, Palakkad - 678004. Telephone: 0491-2534929.
9. Kanjirappilly - The Provincial Superior (Sr. Cisy Carmel) C.M.C Amala Provincial House, Podimattom, Parathode P.O, Kottayam. Telephone: 0482-2802736.
10. Ghaziabad - The Provincial Superior (Sr. Rose Jose), Pushparam, 277 Sarvodaya Nagar, Near by pass Road, Ghaziabad- 201009. U.P. Telephone: 0120 2740006.
11. Angamaly - The Provincial Superior (Sr. Mary Davis), C.M.C Mary Matha Provincial House, Vengoor, Piraroor P.O, Kalady- 683574. Telephone: 0484-2462045.
12. Mananthavady - The Provincial Superior (Sr. Bency), Mount Carmel Provincial House, Nadavayal P.O, Panamaram Via, Wayanad- 670721. Telephone: 0493-2610057.
13. Mancherial - The Provincial Superior (Sr. Rosula) Christu Jyoti Provincial House, ACC Mancherial, Adilabad, Ap -504209. Phone: 0873 6252417
14. Hazaribagh - The Provincial Superior (Sr. Celia). Carmel House, Hazaribag P.O, Jharkand - 8253301. Telephone: 06546 222767.
15. Thamarassery - The Provincial Superior (Sr. Julita) Carmelite Provincial House Thiruvambady P.O, Kozhikode - 673603. Phone : 0455- 2252052.
16. Wardha - The Provincial Superior (Sr. Lilly Grace) Carmelodaya Provincial House, Sawangi Medhe, Wardha -442001, M.S. Telephone: 07152-240584.
17. Bhopal - The Provincial Superior (Sr. Assumpta) Mount Carmel Provincialate Baghmugalia P.O, Arvind Nagar. Bhopal, MP- 462043. Telephone: 0755-2481533.
18. Imphal - The Provincial Superior (Sr. Sibi) Sanjoe Provincial House, Nirmalabas, Imphal P.O, Manipur- 795001 Telephone: 0385- 2220711.
19. Bina - The Provincial Superior (Sr. Lissy Augustine) Nirmal Jyoti Provincial House, Bina P.O, Sagar, MP - 470113 Telephone: 07580 222238
20. Idukki- The Provincial Superior (Sr. Lactus), Stella Maria Carmelite Convent Adimaly - 685561, Telephone: 0486-2422257.

## Regions

1. Indore- The Regional Superior (Sr. Sajeeva) Khrist Bhavan, Asruwad Marg Kasthurbagram - 452020, Indore - M.P, Telephone: 07312874270.
2. Kanyakumari - The Regional Superior (Sr. Emirit), Carmel Matha Convent, Carmel Nagar, Kovalam P.O, Kanyakumari, T.N.- 629702. Telephone: 04652370931.
3. Rajkot - The Regional Superior (Sr. Visitation), Madonna, Revi Park Block C, Kalawad Road, Sourashtra University P.O, Rajkot- 360005, Gujarat, Telephone: 02812572981.
4. Jagdalpur - The Regional Superior (Sr. Ansa), Chavara Sadan, Kondagaon P.O, 494226, Bastar (Dt.) Telephone: 07786243410.

**Mother Edward C.M.C**
**Superior General**
**Mount Carmel Generalate**
**Thaikattukara P.O, Aluva- 683106, Ernakulam.**